"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം - നഗരകാര്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ.എ.ഹാരിഷിനെതിരായ 1960 ലെ KCS (CCA) Rule ചട്ടം 18 പ്രകാരമുള്ള അച്ചടക്കനടപടി- തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.41/2025/LSGD തീയതി,തിരുവനന്തപുരം, 27-02-2025

---

പരാമർശം:-

1. നഗരകാര്യ ഡയറക്ടറുടെ 13.05.2022 തിയതിയിലെ വി1- 17207/2012 നമ്പർ കത്ത്.
2. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം -ന്റെ CC.14/2015 മുതൽ CC.22/2015 വരെ കേസിലെ 30.09.2022 തീയതിയിലെ വിധിന്യായം.
3. 31.01.2023തീയതിയിലെ സ.ഉ(സാധാ) നം.275/2023/തസ്വഭവ.
4. 01.02.2023തീയതിയിലെ ഇതേ നമ്പർ കാരണംകാണിക്കൽ നോട്ടീസ്.
5. ശ്രീ.കെ.എ.ഹാരിഷ് സമർപ്പിച്ച 01.03.2023തീയതിയിലെ പ്രതിവാദപത്രിക.
6. തദ്ദേശ സ്വയംഭരണ വകുപ്പ്പ്രിൻസിപ്പൽ ഡയറക്ടറുടെ 26.07.2023 തിയതിയിലെ LSGD/PD/48182/2023-VIGA5 നമ്പർ കത്ത്.
7. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 22.01.2025 തീയതിയിലെ A1 -1/18/2024-kpscനമ്പർ കത്ത്.

**ഉത്തരവ്**

നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പരാമർശം 1 കത്ത് പ്രകാരം, നഗരകാര്യ വകുപ്പിൽ കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ ആഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.കെ.എ.ഹാരിഷ്, നഗരകാര്യ വകുപ്പ് ആസ്ഥാന ഓഫീസിൽ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ സേവനമനുഷ്ഠിച്ചിരുന്ന 29.01.2001 നും 31.12.2003നും ഇടയിലുള്ള കാലയളവിൽ വകുപ്പ്തല പരീക്ഷകൾ പാസ്സാകാതെ ആയത് പാസ്സായതായി തെറ്റായ വിവരങ്ങൾ സേവനപുസ്തകത്തിൽ സ്വയം രേഖപ്പെടുത്തി അനർഹമായ ഉദ്യോഗക്കയറ്റം നേടിയതായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ ശ്രീ.കെ.എ.ഹാരിഷ് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയ രജിസ്റ്റർ നമ്പർ പ്രകാരം വകുപ്പ്തല പരീക്ഷകൾ പാസ്സായിട്ടില്ലെന്ന് പി.എസ്.സി. യിൽ നിന്നും അറിയിച്ചതിനെ തുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നതായും തുടർന്ന് വിജിലൻസ് കേസ്

രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നതായും അറിയിച്ചിരുന്നു. സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.കെ.എ.ഹാരിഷിനെ ക്ലാർക്ക് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്ത് കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിയമിച്ചിരുന്നതും ടിയാൻ 2014 മുതൽ കൊല്ലം മേഖലാ ഓഫീസിൽ തുടർന്ന് വരുന്നതുമാണ് എന്നും കൂടാതെ നഗരകാര്യഡയറക്ടറുടെ 26.03.2015 ലെ ഉത്തരവ് പ്രകാരം ശ്രീ.കെ.എ.ഹാരിഷിനെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകിയിട്ടുള്ളതും ടിയാനെതിരേ CC.14/2015 മുതൽ CC.22/2015 വരെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് തുടർനടപടികൾ ആരംഭിച്ചിരുന്നതുമാണ് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2.ശ്രീ.കെ.എ.ഹാരിഷിനെതിരായ വിജിലൻസ് കേസിൽ തിരുവനന്തപുരം എൻക്വയറി കമ്മീഷണർ&സ്പെഷ്യൽ ജഡ്ജിന്റെ പരാമർശം 2 വിധിന്യായപ്രകാരം CC.14/2015 മുതൽ CC.22/2015 വരെ കേസിലെ പ്രതിയായ നഗരകാര്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ.എ.ഹാരിഷിനെ ഒൻപതു കേസുകളിലായി വിവിധ വകുപ്പുകൾ പ്രകാരം രണ്ടുവർഷം വീതം തടവും 3,45,000/-രൂപ പിഴയും വിധിച്ചുകൊണ്ടും, അഴിമതി നിരോധനനിയമത്തിലെ 13(2) r/w 13(1) (സി) വകുപ്പും ഐ.പി.സി 468,471 പ്രകാരമുള്ള കുറ്റങ്ങൾക്ക് വെറുതേ വിട്ടുകൊണ്ടും വിധിന്യായം പുറപ്പെടുവിച്ചിരുന്നു.

3. വിജിലൻസ് കോടതി ഉത്തരവിന്റെയടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചതിൽ, ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കുറ്റത്തിനായി ഒരു ക്രിമിനൽ കോടതി കുറ്റം ചുമത്തുകയും, ടിയാനെതിരെ തടവോ പിഴയോ രണ്ടുംകൂടിയോ ശിക്ഷ വിധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടിയാൾക്കെതിരേ 1960ലെ കേരള സിവിൽ സർവ്വീസ്സ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസിൽ ചട്ടം 18 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുള്ളതിനാൽ ശ്രീ.കെ.എ.ഹാരിഷിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഉടൻ പ്രാബല്യത്തിൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് അച്ചടക്കനടപടിയുടെ ഭാഗമായി ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചു കൊണ്ട് പരാമർശം 4 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

4. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.കെ.എ.ഹാരിഷ് സമർപ്പിച്ച പരാമർശം 5 മറുപടിയിൽ കേസുമായി ബന്ധപ്പെട്ട രേഖകളും മറ്റു വിവരങ്ങളും നേരിൽ സമർപ്പിക്കുന്നതിന് അവസരം നൽകണമെന്ന് അപേക്ഷിച്ചിരുന്നു. ശ്രീ.കെ.എ.ഹാരിഷിന്റെ അപേക്ഷപ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി 16.08.2023-നു ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗ് വേളയിൽ ടിയാൻ സമർപ്പിച്ച വിവരങ്ങൾ പ്രകാരം, തന്റെ പേരിൽ വിജിലൻസ് കേസ് ഉണ്ടായത് കൈക്കൂലി വാങ്ങിയതിനോ, എന്തെങ്കിലും സാമ്പത്തിക ക്രമക്കേട് നടത്തിയതിനോ സർക്കാരിന് എന്തെങ്കിലും സാമ്പത്തിക നഷ്ടം വരുത്തിയതിനോ അല്ല എന്നും പല വകുപ്പുകളിലും നിലവിലുള്ള പ്രമോഷൻ സംബന്ധമായ സർവ്വീസ് മാറ്റർ ഡിപ്പാർട്ട്മെന്റലായി നടപടികൾ സ്വീകരിച്ചതിനു ശേഷം, തികച്ചും വ്യക്തിപരമായ വിരോധം മൂലം മറ്റുചിലരെ കുടുക്കാനായി വിജിലൻസ് കേസ് ആക്കി, യഥാർത്ഥ ഉത്തരവാദികൾ റിട്ടയർ ആയപ്പോൾ അവസാനം താൻ മാത്രം ബലിയാട് ആവുക ആയിരുന്നുവെന്നും അറിയിച്ചു. കൂടാതെ വിജിലൻസ് കോടതിയുടെ 30-09-2022 ലെ വിധി സസ്പെൻഡ് ചെയ്തുകൊണ്ട് ബഹു.കേരള ഹൈക്കോടതി 28-10-2022 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് എന്നും തന്റെ വിഷമകരമായ സാഹചര്യങ്ങൾ പരിഗണിച്ച് ദയ കാണിക്കണമെന്നും, കേരള സിവിൽ സർവ്വീസ് (CCA) റൂൾസ് 18 (aa) പ്രകാരമുള്ള പരിഗണന തനിക്ക് നൽകണമെന്നും

ഹൈക്കോടതിയിൽ നിന്ന് അന്തിമ വിധി വരുന്നത് വരെ തന്റെ പേരിലുള്ള നടപടികൾ നിർത്തിവയ്ക്കണമെന്നും, സസ്പെൻഷൻ പിൻവലിച്ച് ജോലിയിൽ തുടരാൻ അനുവദിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

5. അച്ചടക്ക നടപടിയുടെ ഭാഗമായിട്ടുള്ള കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.ഹാരിഷ് നൽകിയ മറുപടിയുടെയും ഹിയറിങ് വേളയിൽ സമർപ്പിച്ച വസ്തുതകളുടെയും അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കോടതി ക്രിമിനൽ കുറ്റം ചുമത്തുകയും ടിയാനെതിരെ തടവോ പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടിയാൻ പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ, ശിക്ഷ സസ്പെന്റ് ചെയ്തിട്ടുണ്ടോ എന്ന ഭേദമില്ലാതെ ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് 1960 ലെ KCS (CCA) Rule ചട്ടം 18 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടിയാനെതിരായി ചട്ടപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ച് ശ്രീ ഹാരിഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിൽ കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു.

6. ഇക്കാര്യത്തിൽ പരാമർശം 7 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ലഭ്യമായത് പ്രകാരം, ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ, ടിയാനെതിരായ അച്ചടക്കനടപടി KCS(CC&A) Rule ചട്ടം11(1)(vii)പ്രകാരം തീർപ്പാക്കി ഉത്തരവാകണമെന്ന നിർദ്ദേശത്തോടെ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം ഉപദേശിക്കുകയും ചെയ്തിരുന്നു.

7. മേൽ സാഹചര്യത്തിൽ നഗരകാര്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ.എ.ഹാരിഷിനെതിരേയുള്ള വിജിലൻസ് കേസിലെ (case No.CC.14/2015 to CC.22/2015) 30.09.2022 തീയതിയിലെ ബഹു. തിരുവനന്തപുരം വിജിലൻസ് കോടതിയുടെ വിധിന്യായത്തിന്റെയടിസ്ഥാനത്തിൽ KCS (CCA) Rule ചട്ടം 18 ലെ വ്യവസ്ഥകൾ പ്രകാരം ടിയാനെതിരായി ആരംഭിച്ച അച്ചടക്കനടപടി, KCS(CC&A) Rule 11(1)(vii) പ്രകാരം ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.കെ.എ.ഹാരിഷ്, ക്ലാർക്ക്, കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ ആഫീസ്
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 28-02-2025 12:43:40
സെക്ഷൻ ഓഫീസർ